**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1448** **30.01.2018 ൽ മറുപടിയ്ക്ക്**

**മൂന്നാർ പ്രദേശത്തെ കെട്ടിടനിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.പി.ടി. തോമസ്** | | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
|---|---|---|
| (എ) | കേരള ഹൈക്കോടതിയുടെ 21.01.2010 ലെ വിധിയുടെ അടിസ്ഥാനത്തിൽ മൂന്നാർ പ്രദേശത്ത് കെട്ടിടനിർമ്മാണം നടത്തുന്നതിന് റവന്യൂവകുപ്പിന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധം ആക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | എൻ.ഒ.സി. നൽകുന്നതിന് നിലവിൽ ഏത് ഉദ്യോഗസ്ഥനെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്; | (ബി) സ്വന്തം താമസത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി-യ്ക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ എൻ.ഒ.സി നൽകുന്നതിന് ദേവികുളം സബ് കളക്ടറെയും, മറ്റ് ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെയും അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മൂന്നാർ പ്രദേശത്ത്കെട്ടിടനിർമ്മാണ വ്യവസ്ഥ കർശനമായി പാലിക്കുന്നില്ലായെന്നും, മൂന്നാറിൽ അനധികൃത കെട്ടിടങ്ങൾ അവിടുത്തെ പരിസ്ഥിതിയെ തകിടം മറിക്കുന്ന രീതിയിൽ നിർമ്മിക്കുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) | റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങാതെ അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ പൊളിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങാതെ അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ